വച്ചിരുന്നില്ല. എന്നാൽ, എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഇതിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളാണുള്ളത്. ഈ 19 പദ്ധതികളിൽ രണ്ടെണ്ണം പൂർത്തിയായി. ബാക്കിയുള്ള 17 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

കൊട്ടാരക്കര വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും നടപ്പിലാക്കിയ പ്രവൃത്തികളും

221 (3375) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റേതായി ഒരു ഏക്കർ ആറ് സെന്റ് ഭൂമിയുണ്ട്.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെയ്ത പ്രവൃത്തികൾ

1. 283 സംരംഭക യൂണിറ്റുകൾ തുടങ്ങുന്നതിനായി EM Part-II ഫയൽ ചെയ്തിട്ടുണ്ട്.
2. PMEGP പദ്ധതി പ്രകാരം 13 യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. അവയുടെ പദ്ധതി ചെലവ് - 1,13,00,000 രൂപ.
3. സംരംഭക സഹായ പദ്ധതിപ്രകാരം 19 വ്യവസായ യൂണിറ്റുകൾക്കായി 33.38 ലക്ഷം രൂപ സബ്സിഡിയിനത്തിൽ നൽകി.
4. കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 4 സെമിനാറും 7 ഇൻഡസ്ട്രിയൽ അവയർനസ് പ്രോഗ്രാമും 3 സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗും നടത്തി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. 62 യൂണിറ്റുകൾക്കായി 572.4 ലക്ഷം രൂപയുടെ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് വ്യവസായ വാണിജ്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 11 യൂണിറ്റുകൾക്ക് വ്യവസായ വാണിജ്യ വകുപ്പ് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3 യൂണിറ്റുകൾ ഉത്പാദനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 2 യൂണിറ്റുകൾ ഉത്പാദനം നിർത്തിവച്ചിരിക്കുകയാണ്. ഇതിൽ ഒരു യൂണിറ്റ് ഉത്പാദനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ ഒരു യൂണിറ്റ്